ഉത്തരം

രക്ഷാപ്രവർത്തനവേളയിൽ അപകടത്തിൽപ്പെടുന്ന ഫയർ സർവ്വീസ് ജീവനക്കാർക്ക് ചികിത്സ പ്രൈവറ്റ്/സ്പെഷ്യലൈസ്ഡ് ആശുപത്രിയിലാണെങ്കിൽ പ്പോലും, പ്രസ്തുത തുക റീഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് 28-3-2005-ലെ ജി. ഒ. (ആർടി.) നം. 908/2005/ ആരോഗ്യ കുടുംബക്ഷേമ വകുപ്പുപ്രകാരം ഉത്തരവാ യിട്ടുണ്ട്. എന്നാൽ രക്ഷാപ്രവർത്തനവേളയിൽ മരണപ്പെടുകയാണെങ്കിൽ ഫയർ സർവ്വീസിലെ ജീവനക്കാർക്ക് പ്രത്യേകമായി സഹായ പദ്ധതികളൊന്നും നിലവിലില്ല. മറ്റു സർക്കാർ ജീവനക്കാർക്ക് ലഭ്യമാകുന്നതുപോലെ ഒന്നരലക്ഷം രൂപ ആശ്രിതർക്ക് ധനസഹായമായി ലഭിക്കുന്നുണ്ട്.

മല്ലപ്പള്ളി ഫയർ സ്റ്റേഷൻ

189 [3159] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളിയിൽ പുതുതായി അനുവദിച്ച ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) സ്ഥലപരിശോധനയ്ക്കായി എത്താൻ മൂന്നുതവണ പത്തനംതിട്ട ജില്ലാ ഓഫീസറോട് ആവശ്യപ്പെട്ടിട്ടും എത്താത്തതിനെക്കുറിച്ച് വിശദീകരണം ആരായുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ 8-ാമതായി മല്ലപ്പള്ളി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മല്ലപ്പള്ളിയിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിവും ലഭിക്കാത്തതാണ് കാലവിളംബത്തിന് കാരണം.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly